# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ തിരുവനന്തപുരം 9

Ref No S2/1848/2023/ABTT/ 981 തീയതി: 28/04/2023

## ടെൻഡർ പരസ്യം

## കമ്പ്യൂട്ടർ പ്രീ പ്രിൻറഡ് ഫോറം

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ **01/06/2023 മുതൽ 31/03/2024** വരെ ബില്ലിങ്ങിന് ആവശ്യമായ പ്രീ പ്രിന്റഡ് ഫോം സപ്ലൈ ചെയ്യുന്നതിനുള്ള അവകാശത്തിന് മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫോറത്തിൽ പൂരിപ്പിച്ച് **10/05/2023** വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, അന്നേദിവസം വൈകുന്നേരം 3.30ന് സന്നിഹിതരായിരിക്കുന്ന ടെണ്ടർകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ആണ്.

**ടെൻഡർ നിബന്ധനകൾ**

1. നിരതദ്രവ്യ തുകയായ 5000 രൂപയ്ക്ക് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്
2. ക്ഷേത്രത്തിലേക്ക് ആവശ്യമായ പ്രിൻറഡ് ഫോറം സൈസ്.
   a) **6x6x1- 80** ജിഎസ്എം മൾട്ടി കളർ ബാക്ക് സൈഡ് പ്രിൻറ്റിങ്.
   **ഓരോ രസീതിലും ആരോഹണ ക്രമത്തിൽ സീരിയൽ നമ്പർ പ്രിന്റ് ചെയ്യേണ്ടതാണ്**
   **ഉദ്ദേശം 10 ലക്ഷം രസീത്.**
   ആയിരം രസീതിന്റെ ഒരു ബണ്ടിൽ തുക നികുതികൾ ഉൾപ്പെടെ ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്. ട്രസ്റ്റിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ട്രസ്റ്റ് ഓഫീസിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. ടെൻഡറിൽ പറഞ്ഞിരിക്കുന്ന പ്രീ പ്രിൻറഡ് ഫോമിന്റെ ഗുണനിലവാരം വ്യക്തമാക്കുന്ന ഒരു സാമ്പിൾ ടെൻഡറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്
3. ടെൻഡർസ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായ 10,000 രൂപ ഒടുക്കി 200 രൂപയുടെ മുദ്രപത്രത്തിൽ രണ്ട് ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
4. ടെൻഡർ കാലയളവിൽ സപ്ലൈ ചെയ്യുന്ന പ്രീ പ്രിൻറഡ്ഫോമിന്റെ ഗുണ നിലവാരം കുറഞ്ഞതായി കാണുന്ന പക്ഷം പ്രസ്തുത ഫോമുകൾ നിരസിക്കുന്നതാണ്. പകരം നിശ്ചിത ഗുണനിലവാരത്തിലുള്ള ഫോമുകൾ സപ്ലൈ ചെയ്യാൻ കരാറുകാരൻ ബാധ്യസ്ഥനാണ്
5. കരാർ ലംഘനം നടത്തുന്നതായി കാണുന്ന പക്ഷം ഏതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെ മേൽ നടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്
6. കരാർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല.
7. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
8. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതു നിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും

ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ് ★ തിരുവനന്തപുരം - 695 009 ★

സ്ഥലം : ആറ്റുകാൽ
തീയതി : 28/04/2023

സെക്രട്ടറി
ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്